**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 664** **28-06-2022 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ഇ.ബി. ലാഭ നഷ്ടക്കണക്കുകളും ശമ്പളപരിഷ്കരണവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ. കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ഇ.ബി. നിലവിൽ ലാഭത്തിലാണോ നഷ്ടത്തിലാണോ പ്രവർത്തിയ്ക്കുന്നത് എന്ന് അറിയിക്കുമോ; എങ്കിൽ ഏറ്റവും ഒടുവിലത്തെ കണക്ക് പ്രകാരമുള്ള ലാഭം,നഷ്ടം എന്നിവ എത്രയാണ്; | (എ) | 2021-22 ലെ താത്കാലിക ഗാർഹിക കണക്കുകൾ പ്രകാരം കെ.എസ്.ഇ.ബി.എൽ. ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. ആയത് പ്രകാരം 1417 കോടി രൂപയാണ് പ്രവർത്തന ലാഭം. ആഡിറ്റ് പൂർത്തീകരിക്കുന്ന മുറയ്ക്ക് ഇതിൽ മാറ്റം വരുന്നതിനുള്ള സാധ്യതയുണ്ട്. |
| (ബി) | കെ.എസ്.ഇ .ബി.യുടെ ഏറ്റവും ഒടുവിലത്തെ ബജറ്റിൽ വരുമാനം എത്രയാണെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്; റഗുലേറ്ററി കമ്മീഷൻ മുൻപാകെ നൽകിയ കണക്കിലും ബജറ്റിൽ ഉൾപ്പെടുത്തിയ കണക്കിലും ഏതെങ്കിലും തരത്തിലുള്ള വ്യത്യാസം ഉണ്ടായിട്ടുണ്ടോ;എങ്കിൽ വ്യത്യാസത്തിനു കാരണമെന്താണ് ; | (ബി) | കെ.എസ്.ഇ.ബി.എൽ-ന്റെ 2022-23 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ വൈദ്യുതി വില്പന പ്രകാരമുള്ള ആകെ വരുമാനം 17529.15 കോടി രൂപയാണ്.<br><br>വ്യത്യസ്ത ആവശ്യങ്ങൾക്ക്, വ്യത്യസ്ത നിയമങ്ങളും വ്യത്യസ്ത മാനദണ്ഡങ്ങളും അനുസരിച്ച് തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളാണ് ബഡ്ജറ്റും റഗുലേറ്ററി കമ്മീഷനു മുൻപാകെ സമർപ്പിക്കുന്ന മൾട്ടി ഇയർ താരിഫ് എസ്റ്റിമേറ്റും (എ.ആർ.ആർ). ആയതിനാൽ മുൻ വർഷങ്ങളിലെപ്പോലെ തന്നെ 2022-23-ലും ബഡ്ജറ്റും റഗുലേറ്ററി കമ്മീഷന് സമർപ്പിച്ച എ.ആർ.ആർ-ഉം തമ്മിൽ വ്യത്യാസമുണ്ട്.<br><br>ബഡ്ജറ്റിൽ ബോർഡിന്റെ മുൻകാല പ്രവണതകളെ അടിസ്ഥാനമാക്കിയുള്ള കണക്കുകളാണ് കാണിക്കുന്നത്. കൂടാതെ ബഡ്ജറ്റിൽ, എ.ആർ.ആർ കണക്കുകളിൽ ഉൾക്കൊള്ളിക്കുന്ന മുൻകാല റവന്യൂ ഗ്യാപ്പ്, റിട്ടേൺ ഓൺ ഇക്വിറ്റി, മാസ്റ്റർ ട്രസ്റ്റിന്റെ പ്രവർത്തനത്തിനാവശ്യമായ അധിക തുക മുതലായവ കാണിക്കുന്നില്ല. |
| | | | |

| | | | |
|---|---|---|---|
| (സി) | കെ.എസ്.ഇ.ബി.യിലെ ശമ്പള പരിഷ്കരണത്തിന് സർക്കാർ അനുമതി ആവശ്യമുണ്ടോ; എങ്കിൽ ഏറ്റവും ഒടുവിൽ നടത്തിയ പരിഷ്കരണത്തിന് അനുമതി നൽകിയിട്ടുണ്ടോ;എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (സി) | കെ.എസ്.ഇ.ബി.എൽ-ലെ ശമ്പള പരിഷ്കരണത്തിന് സർക്കാർ അനുമതി ആവശ്യമുണ്ട്. ഏറ്റവും ഒടുവിൽ KSEBL നടത്തിയ ശമ്പള പരിഷ്കരണത്തിന് അനുമതി നേടിക്കൊണ്ട് സമർപ്പിച്ച പ്രൊപ്പോസലിൽ സർക്കാർ ഇതുവരെ തീരുമാനം കൈക്കൊണ്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ